**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5310** **12-08-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി മലയാളികൾക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിദേശങ്ങളിലേക്ക് കയറ്റുമതി-ഇറക്കുമതി വ്യാപാരം നടത്തുന്ന പ്രവാസി മലയാളികൾക്ക് പ്രത്യേക സഹായങ്ങൾ നല്കാൻ പദ്ധതി ഉണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ; | (എ) | സംരംഭക സഹായ പദ്ധതിയിൽ ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന 100% കയറ്റുമതി അധിഷ്ഠിതമായ സംരംഭങ്ങൾക്ക് മുൻഗണനാ മേഖലയിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിച്ചു വരുന്നു. കേരളത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (SLEPC) രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ യോഗതീരുമാനപ്രകാരം സംസ്ഥാനത്ത് കരട് എക്സ്പോർട്ട് പോളിസി തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാതല എക്സ്പോർട്ട് ഹബ്ബ് രൂപീകരിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരുന്നു. കയറ്റുമതി വ്യാപാരം സുഗമമാക്കുന്നതിനായും കയറ്റുമതി ഉൽപന്നങ്ങൾ കണ്ടെത്തുന്നതിനും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും ജില്ലാതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (DLEPC) രൂപീകരിക്കാൻ സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (SLEPC) തീരുമാനിച്ചു. സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റിയുടെ കീഴിൽ കൃഷി വകുപ്പ് സംസ്ഥാന തല അഗ്രിക്കൾച്ചറൽ പോളിസി തയ്യാറാക്കി അനുമതിക്കായി കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിന്റെ സുഗന്ധ ദ്രവ്യങ്ങളും,കയർ, കുട്ടനാടൻ അരി മുതലായവ കൂടുതലായി കയറ്റി അയക്കുന്നതിനു പ്രത്യേക സഹായങ്ങൾ നൽകുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ? | (ബി) | സംരംഭക സഹായ പദ്ധതിയിൽ ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന 100% കയറ്റുമതി അധിഷ്ഠിതമായ സംരംഭങ്ങൾക്ക് മുൻഗണനാ മേഖലയിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിച്ചു വരുന്നു. കേരളത്തിൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (SLEPC) രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ യോഗതീരുമാനപ്രകാരം സംസ്ഥാനത്ത് കരട് എക്സ്പോർട്ട് പോളിസി |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ജില്ലാതല എക്സ്പോർട്ട് ഹബ്ബ് രൂപീകരിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരുന്നു. കയറ്റുമതി വ്യാപാരം സുഗമമാക്കുന്നതിനായും കയറ്റുമതി ഉൽപന്നങ്ങൾ കണ്ടെത്തുന്നതിനും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും ജില്ലാതല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (DLEPC) രൂപീകരിക്കാൻ സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി (SLEPC) തീരുമാനിച്ചു. സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റിയുടെ കീഴിൽ കൃഷി വകുപ്പ് സംസ്ഥാന തല അഗ്രിക്കൾച്ചറൽ പോളിസി തയ്യാറാക്കി അനുമതിക്കായി കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ